പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 117

26/09/2011 - ൽ
മറുപടിക്ക്

പൊതുമുതൽ നശിപ്പിക്കുന്നത് തടയുന്നതിന് സംവിധാനങ്ങൾ

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
|---|---|
| (എ) പൊതുമുതൽ നശിപ്പിക്കുന്നത് തടയുന്നതിനും പൊതുമുതൽ നശിപ്പിച്ചതു മൂലമുള്ള നഷ്ടം ഈടാക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) 1984-ലെ പൊതുമുതൽ നശീകരണം തടയൽ നിയമം (PDPP Act) പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് കൂടാതെ 17.12.2003-ലെ സ.ഉ.(കൈ) 277/2003/ ആഭ്യന്തരം പ്രകാരം Damage Suit നൽകിയും നടപടി എടുക്കുന്നുണ്ട്. |
| (ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പൊതുമുതൽ നശിപ്പിച്ചതു സംബന്ധിച്ച് സംസ്ഥാനത്ത് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) 487 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) പൊതുമുതൽ നശിപ്പിക്കുന്നവരെ ശിക്ഷിക്കുന്നതിനും നഷ്ടപരിഹാരം ഈടാക്കുന്നതിനും സർക്കാരുകൾ വേണ്ടത്ര ജാഗ്രത കാട്ടാത്തതുകൊണ്ടാണോ അവ വീണ്ടും ആവർത്തിക്കുന്നത് എന്ന കാര്യം പരിശോധിക്കുമോ;<br><br>(ഡി) സമരങ്ങൾക്കും പ്രക്ഷോഭങ്ങൾക്കും ശ്രദ്ധ കിട്ടുന്നതിന് പൊതുമുതൽ നശിപ്പിക്കുന്ന സംഭവങ്ങൾ ഗൗരവമായി കാണുമോ;<br><br>(ഇ) പൊതുമുതൽ നശിപ്പിക്കുന്ന സംഘടനകളിൽ നിന്നും രാഷ്ട്രീയ പാർട്ടികളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) (ഡി) & (ഇ)<br><br>ബഹു. സുപ്രീംകോടതിയിൽ നിലവിലിരുന്ന ക്രിമിനൽ റിട്ട് പെറ്റിഷൻ നം.73/2007, 77/2007 എന്നീ കേസുകളിൽ ജസ്റ്റിസ് കെ.ടി.തോമസ്, ശ്രീ.എഫ.എസ്.നരിമാൻ എന്നിവരുടെ നേതൃത്വത്തിലുള്ള രണ്ട് കമ്മിറ്റികൾ കോടതി നിർദ്ദേശപ്രകാരം സമർപ്പിച്ച റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി പൊതു,സ്വകാര്യ സ്വത്തുക്കൾക്ക് നാശനഷ്ടം സംഭവിക്കുന്നത് തടയുന്നതിനുള്ള വിശാലമായ മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ ഉത്തരവ് |

16.04.2009-ൽ സുപ്രീം കോടതി പുറപ്പെടുവിക്കുകയുണ്ടായി. ഇത് നടപ്പിലാക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി നൽകിയിട്ടുള്ള കരട് നിർദ്ദേശങ്ങൾ വിദഗ്ദ്ധ നിയമോപദേശത്തിനായി അഡ്വക്കേറ്റ് ജനറലിന് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും.

സെക്ഷൻ ഓഫീസർ